(സി) ഓരോ ലോട്ടറിയുടെയും ആകെ ടിക്കറ്റുകളുടെ വിലയും ആകെ സമ്മാദനത്തുകയും തമ്മിലുള്ള നിലവിലുള്ള ഭീമമായ അന്തരം കുറച്ച്, കൂടുതൽ സമ്മാനങ്ങൾ നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാന ലോട്ടറി വകുപ്പ് നാലുതരം ലോട്ടറികൾ നടത്തുന്നു. മാവേലി, പെരിയാർ, കൈരളി, സൗഭാഗ്യ എന്നീ പേരുകളിൽ അവ അറിയപ്പെടുന്നു. ഓരോ ഭാഗ്യക്കുറികൾക്കുംവേണ്ടി ആകെ അച്ചടിക്കുന്ന ടിക്കറ്റുകളുടെ എണ്ണം, ആകെ മുഖവില, ആകെ നൽകുന്ന സമ്മാനത്തുക എന്നിവ അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ബി) പ്രായോഗികമല്ല എന്ന് വ്യക്തമായതിനാൽ പരിഗണനയിലില്ല.

(സി) നിലവിലുള്ള സമ്മാനഘടന ആകർഷകമായതിനാൽ സമ്മാനഘടന പരിഷ്കരണം ഇപ്പോൾ പരിഗണനയിലില്ല.

11 (303) കെ.എഫ്.സി. വായ്പാ സബ്സിഡി

ശ്രീ. പി.കെ. അബ്ദുറബ്ബ് :
ഡോ. എം.കെ. മുനീർ :
ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എഫ്.സി.യിൽ നിന്നും വായ്പ എടുക്കുന്ന ചെറുകിട വ്യവസായികൾക്ക് സബ്സിഡി ലഭിക്കാൻ ബുദ്ധിമുട്ടും കാലതാമസവും ഉണ്ടാകുന്നതായി പരാതി ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് ഒഴിവാക്കാൻ വ്യവസായ വകുപ്പ് വഴി സബ്സിഡി നൽകുവാൻവേണ്ട ഉത്തരവ് നൽകുമോ?

ഉത്തരം

(എ)&(ബി)ഉണ്ട്.

വ്യവസായ വകുപ്പിൽ നിന്നുള്ള ഫണ്ടിന്റെ ലഭ്യതയനുസരിച്ചാണ് സബ്സിഡി നല്കുന്നത്.

12 (304) ദേശീയ സമ്പാദ്യ നിധിയുടെ പലിശയിനത്തിൽ ലഭിച്ച തുക.

ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ 1996, 1997, 1998, 1999 വർഷങ്ങളിൽ ദേശീയസമ്പാദ്യ നിധിയുടെ പലിശയിനത്തിൽ എന്തു തുക ലഭിച്ചു എന്ന അറിയിക്കുമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ തുക എന്തു ചെയ്തു എന്ന് വ്യക്തമാക്കുമോ;

(സി) ഈ തുകയിൽ നിന്നും വികസനാവശ്യത്തിന് പണം അനുവദിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം കാര്യങ്ങൾക്കാണെന്ന് വിശദീകരിക്കുമോ;

(ഡി) 1998-99-ൽ കായംകുളം എം.എൽ.എ. ആലപ്പുഴ ജില്ലാ കളക്ടറോട് ഈ വികസന ഫണ്ടിൽ കായംകുളം ഗവൺമെന്റ് ഹൈസ്കൂളിന്റെ ജന്മശതാബ്ദി കെട്ടിടം പണിയാനും മറ്റു ചില പ്രധാനപ്പെട്ട വികസനാവശ്യങ്ങൾക്കുമായി ഒരു വിഹിതം ആവശ്യപ്പെട്ടത് ജില്ലാ ആഫീസർ നൽകാതിരുന്നത് എന്തു കൊണ്ടാണെന്ന് വ്യക്തമാക്കുമോ ;

(ഇ) എം.എൽ.എ. യുടെ കത്ത് കളക്ടർ പദ്ധതിയുടെ ജില്ലാ ഓഫീസർക്ക് കൈമാറുകയും ഈ ആഫീസർ കത്ത് പൂഴ്ത്തി വയ്ക്കുകയും ചെയ്തതായി ആക്ഷേപം ഉണ്ടോ; എങ്കിൽ അതേപ്പറ്റി അന്വേഷിക്കുമോ;

(എഫ്) എം.എൽ.എ. നൽകുന്ന അഭ്യർത്ഥനകൾ പരിഗണിക്കേണ്ടതില്ല എന്ന് സർക്കാർ ദേശീയ സമ്പാദ്യ പദ്ധതിയുടെ ജില്ലാ ആഫീസർമാർക്ക് എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ജി) ഈ വികസനഫണ്ട് എങ്ങനെ ചെലവഴിക്കാനാണ് സർക്കാർ നിർദ്ദേശം ഉള്ളതെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) പലിശയിനത്തിൽ തുകയൊന്നും ലഭിച്ചിട്ടില്ല.

(ബി) പ്രസക്തമല്ല.

(സി) പ്രസക്തമല്ല.

(ഡി) ജി. സുധാകരൻ എം.എൽ.എ.യുടെ 9.3.1999-ലെ ജില്ലാ കളക്ടർക്കുള്ള കത്തുപ്രകാരം കായംകുളം ഗവ:ബോയിസ് ഹൈസ്കൂളിന്റെ ജന്മശതാബ്ദി സ്മാരക കെട്ടിടം പണിയുന്നതിനും മറ്റു ചില വികസനപദ്ധതികൾ നടപ്പിലാക്കുന്നതിനുമായി തുക ആവശ്യപ്പെട്ടിരുന്നു. നിലവിലുള്ള സർക്കാർ ഉത്തരവിന്റെ പരിധിയിൽ ഉൾപ്പെടുന്ന പദ്ധതികളല്ലാത്തതു കൊണ്ടും ഫണ്ടിന്റെ ലഭ്യത കുറവു കാരണവും തുക അനുവദിച്ചിട്ടില്ല.

(ഇ) എം.എൽ.എ.യുടെ കത്ത് ജില്ലാ ആഫീസർ പൂഴ്ത്തി വെച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പ്രസ്തുത കത്ത് ഇതു സംബന്ധിച്ച ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്.

(എഫ്) ഇല്ല.

(ജി) ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്ത പദ്ധതികൾക്ക് മുൻഗണന നൽകിക്കൊണ്ടും കുടിവെള്ളം ലഭ്യമാക്കുന്നതിനുള്ള പദ്ധതികൾ, ശുചീകരണം, ചേരി നിർമ്മാർജ്ജനം, ഗ്രാമീണ റോഡുകൾ, വാർത്താ വിനിമയം, വെയിറ്റിംഗ് ഷെഡ് നിർമ്മാണം, സാക്ഷരതാ പ്രവർത്തനങ്ങൾ, മിതവ്യയവും സമ്പാദ്യ ശീലവും പ്രോത്സാഹിപ്പിക്കൽ, വികലാംഗർക്കും മന്ദബുദ്ധികൾക്കുമായുള്ള ക്ഷേമപദ്ധതികൾ എന്നിവയ്ക്ക് പ്രത്യേക പരിഗണന നൽകിക്കൊണ്ടും തുക ചെലവഴിക്കേണ്ടതാണെന്ന് ഇതു സംബന്ധിച്ച സർക്കാർ ഉത്തരവിൽ നിഷ്ക്കർഷിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly